പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3999 — 18/10/2011ൽ മറുപടിയ്ക്ക്

## വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി ) |
| സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നത് സംബന്ധിച്ച നടപടിയുടെ പുരോഗതി അറിയിക്കാമോ ? | സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം പ്രധാനമായും രണ്ട് പദ്ധതികൾ മുഖേന നടപ്പിലാക്കി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ 'എൻ.എൽ.ആർ.എം.പി.' പദ്ധതി പ്രകാരം വില്ലേജുകളിലെ ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടർവൽക്കരണവും,'ഇ-ഡിസ്ട്രിക്റ്റ്' പദ്ധതി പ്രകാരം വില്ലേജുകളിൽ നിന്നും നൽകി വരുന്ന സർട്ടിഫിക്കറ്റുകൾ കമ്പ്യൂട്ടർവത്ക്കരിച്ച് അക്ഷയ കേന്ദ്രങ്ങൾ വഴിയുള്ള വിതരണവും, കേരളത്തിൽ 9 ജില്ലകളിലെ റീ-സർവ്വേ പൂർത്തിയായ 573 വില്ലേജുകളിലാണ് ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടറൈസേഷൻ നടന്നു വരുന്നത്. 'ഇ - ഡിസ്ട്രിക്റ്റ് 'പദ്ധതി കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളിൽ നടന്നു വരുന്നു. ഈ പദ്ധതി സംസ്ഥാനത്ത് ഒട്ടാകെ വ്യാപിപ്പിക്കുന്നതിലൂടെ എല്ലാ വില്ലേജ് ഓഫീസുകളുടെയും കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ